# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 211

28/06/2016-ൽ മറുപടിക്ക്

## മഴക്കാലപൂർവ്വ രോഗങ്ങൾ

ചോദ്യം
ശ്രീ. പി.ഉബൈദുള്ള

മറുപടി
ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ
(ആരോഗ്യവും - സാമൂഹ്യ നീതിയും വകുപ്പുമന്ത്രി)

| | | |
|---|---|---|
| എ) മഴക്കാലപൂർവ്വ രോഗങ്ങൾ തടയുന്നതിന് വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | മെയ് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട ആരോഗ്യ മന്ത്രിയുടെയും ഇതര മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കാൻ തീരുമാനങ്ങൾ എടുത്തിരുന്നു. ഇതനുസരിച്ച് മെയ്-30-ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെയും ജില്ലാ മെഡിക്കൽ ആഫീസർമാരുടെയും വീഡിയോ കോൺഫറൻസ് നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. ജൂൺ 1 മുതൽ 5 വരെ ശുചീകരണ വാരമായി ആചരിച്ച് മഴക്കാല പൂർവ്വ ശുചീകരണം കാര്യക്ഷമമാക്കി. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ സംസ്ഥാനമൊട്ടാകെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ യോഗം കൂടി സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. മെയ് മാസത്തെ സീനിയർ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും ജൂണിലെ ജില്ലാ/ബ്ലോക്ക് തല മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും മഴക്കാല പൂർവ്വശുചീകരണം ഉൾപ്പെടെയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി. ഓരോ |

| | | |
|---|---|---|
| | | ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസിൽ കൺട്രോൾ റൂം തുറക്കുകയുണ്ടായി. ജില്ലകളിലും സംസ്ഥാനത്തും ദിവസേന രോഗ വിവരം, രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവ അതാത് ആരോഗ്യ വകുപ്പ് ടീമുകൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. എം.എൽ.എ.-മാരും യോഗം വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ പ്രത്യേകം വിലയിരുത്തിവരുന്നു.<br>എല്ലാ ജില്ലകളിലും സ്വകാര്യ ഡോക്ടർമാർ അടക്കമുള്ള ഡോക്ടർമാർക്ക് ചികിത്സാ മാർഗ്ഗരേഖകളെപ്പറ്റിയും ഫീൽഡ് ഉദ്യോഗസ്ഥർക്ക് രോഗ നിയന്ത്രണത്തെപ്പറ്റിയും പ്രത്യേക പരിശീലനം നൽകി. രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ സംസ്ഥാന/ജില്ലാ ദ്രുതകർമ്മസേന സന്ദർശിച്ച് രോഗം നിയന്ത്രണ വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഓരോ മണ്ഡലത്തിലും എം.എൽ.എ മാരുടെ നേതൃത്വത്തിൽ പ്രത്യേക അവലോകന യോഗങ്ങൾ വിളിച്ച ചേർത്തിട്ടുണ്ടോ; നടപടികളുടെ പുരോഗതികൾ വിലയിരുത്തിയിട്ടുണ്ടോ; | ബി) | എല്ലാ ജില്ലകളിലും മന്ത്രിതല അവലോകന യോഗം കൂടിയിട്ടുണ്ട്. എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ കൂടിയ അവലോകന യോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - അവലോകന യോഗം കൂടിയിട്ടില്ല.<br>കൊല്ലം - പത്തനാപുരം നിയോജക മണ്ഡലത്തിൽ അവലോകന യോഗം നടന്നു.<br>പത്തനംതിട്ട - അവലോകന യോഗം കൂടിയില്ല.<br>ആലപ്പുഴ - ചേർത്തല, ചെങ്ങന്നൂർ, അരൂർ, അമ്പലപ്പുഴ എന്നീ 4 മണ്ഡലങ്ങളിൽ അവലോകന യോഗം നടന്നു.<br>കോട്ടയം - ഏറ്റുമാനൂർ ഒഴികെയുള്ള എല്ലാ മണ്ഡലങ്ങളിലും അവലോകന യോഗം നടന്നു.<br>ഇടുക്കി - അവലോകന യോഗം കൂടിയിട്ടില്ല.<br>എറണാകുളം - 10 മണ്ഡലങ്ങളിൽ അവലോകന യോഗം നടന്നിട്ടുണ്ട്. |

| | | |
|---|---|---|
| | | തൃശ്ശൂർ - എല്ലാ മണ്ഡലങ്ങളിലും (13 മണ്ഡലം) അവലോകന യോഗം നടന്നു.<br>മലപ്പുറം - അവലോകന യോഗം നടന്നില്ല.<br>പാലക്കാട് - ഒറ്റപ്പാലം, ആലത്തൂർ, പട്ടാമ്പി, ചിറ്റൂർ എന്നീ 4 മണ്ഡലങ്ങളിൽ അവലോകന യോഗം നടന്നു.<br>കോഴിക്കോട് - അവലോകന യോഗം നടന്നിട്ടില്ല.<br>വയനാട് - അവലോകന യോഗം നടന്നിട്ടില്ല.<br>കണ്ണൂർ - പയ്യന്നൂർ, കല്ല്യാശ്ശേരി മണ്ഡലങ്ങളിൽ അവലോകന യോഗം കൂടി.<br>കാസർഗോഡ് - അവലോകന യോഗം നടന്നിട്ടില്ല |
| സി)ഓരോ മണ്ഡലത്തിലേയ്ക്കും നിശ്ചിത തുക നീക്കി വച്ചിട്ടുണ്ടോ;എങ്കിൽ ഈ തുക വിനിയോഗിച്ചിട്ടുണ്ടോ; | സി) & ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ് |
| ഡി) ഇല്ലെങ്കിൽ എം.എൽ.എ മാരുടെ നേതൃത്വത്തിൽ ഈ സംരംഭങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ